I/68298/2022

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം,**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ.**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് - പള്ളിപ്പുറം വില്ലേജിൽ - Indian oil corporation Ltd. Retail Outlet ന്റെ, Fuel pump കെട്ടിടം നിർമ്മി ക്കുന്നതിന് ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീ കാരം നൽകി ഉത്തരവാകുന്നു.

പരാമർശം : Smt.Shamna.S 20.07.2022, 04.08.2022 എന്നീ തീയതികളിൽ സമർപ്പിച്ച അപേക്ഷയും ഉള്ളടക്കവും.

**ഉത്തരവ് നമ്പർ TCPTVM/954/2022-D തീയതി 02-09-2022**

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ പള്ളിപ്പുറം വില്ലേജിൽ റീസർവ്വേ നമ്പർ **495/18**-ൽ പ്പെട്ട **5.560** ആർ വസ്തുവിൽ Indian oil corporation Ltd Retail Outlet ന്റെ 180 sq.m ബിൽറ്റപ് ഏരിയുള്ള (Office & sales building -30 sq .m, Canopy - 150 sq .m) Hazardous Occupancy യിൽ ഉൾപ്പെടുന്ന Fuel pump നിർമ്മാണത്തിന് ലേഔട്ട് അനുമതിക്കായി അപേക്ഷകൻ **ശ്രീമതി. ഷംന. എസ്സ്** നേരിട്ട് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KMBR 1999 നും KPBR ചട്ടം 30 (Table 11 – Occupancy Group I – Hazardous) പ്രകാരം കെട്ടിടങ്ങളുടെ ലേ-ഔട്ടിനും (സ്ഥലപരവ്യന്യാസം) സ്ഥലത്തിന്റെ ഉപയോഗത്തിനും താഴെപറയുന്ന നിബന്ധ നകൾക്കും വിധേയമായി അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (KPBR-2019), ചട്ടം 5 (6) (1) (a), (b) എന്നിവ പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം KPBR -2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
2. നിർമ്മാണസ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിക്കുകയും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലെന്നും ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
3. പ്രസ്തുത സ്ഥലത്തു ലഭ്യമായ സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ ജലനിർഗമനത്തിനു തടസം സൃഷ്ടിക്കാതെ പരിപാലിക്കേണ്ടതാണ്. നിർദ്ദിഷ്ട ലേ - ഔട്ടിൽ ഡ്രെയിനേജിനുള്ള

നിയമാനുസൃതസൗകര്യം നൽകേണ്ടതുണ്ട്.

4. ചട്ടം 5(4) പ്രകാരം നിഷ്കർഷിക്കുന്ന (Pollution control board, ഫയർ, District Collector തുടങ്ങിയ എജൻസികളിൽ നിന്ന്) ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്

5. KPBR -2019 ചട്ടം 10 പ്രകാരം പ്രസ്തുത സ്ഥലത്തു Earth work നടത്തുന്ന പക്ഷം ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആവശ്യമാകുന്ന പക്ഷം ബന്ധപ്പെട്ട അധികാരികളിൽനിന്നും NOC ലഭ്യമാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

6. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.

7. KPBR -2019 ചട്ടം 33 (Height of room) പ്രകാരമുള്ള പൊക്കം പാലിച്ച് കൊണ്ട് കെട്ടിടം നിർമ്മിക്കേണ്ടതാണ് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്

8. KPBR -2019 ചട്ടം 34 – Sanitation Facilities പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും കെട്ടിടത്തിന് നൽകിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്

9. KPBR -2019 ചട്ടം 47 പ്രകാരമാണ് കെട്ടിട നിർമ്മാണ നടത്തുന്നത് എന്നും, ചട്ടം 47(1) പ്രകാരം പെട്രോൾ ടാങ്കിന്റെയും vent pipe ന്റെയും സ്ഥാനവും നിർമ്മാണവും 2002 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമാണെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

10. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.

11. നിർമ്മാണത്തിൽ KPBR 2019 ചട്ടം 79, 79A എന്നിവയ്ക്ക് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്

12. നിർദ്ദിഷ്ട നിർമ്മാണം കാരണം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടങ്ങളുടെ സുരക്ഷ ബാധിക്ക പെടരുതെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്

13. അണ്ടൂർക്കോണം - പോത്തൻകോട് റോഡിന് പ്ലോട്ടിന്റെ മുൻഭാഗത്തു റോഡിൽ നിന്നും ഏകദേശം 4 മീറ്റർ വീതിയിൽ റോഡ് പുറമ്പോക്ക പ്ലോട്ടിനോട് ചേർന്ന് കാണുന്നു.പ്രസ്തുത പുറമ്പോക്ക ഭൂമി ഉൾപ്പടെ ആണ് പ്ലോട്ടിൽ കോമ്പൗണ്ട് വാൾ കെട്ടിയിരിക്കുന്നത്. ആയതു രേഖകളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി പരിശോദിച്ച് പൊതു സ്ഥലത്തോട് ചേർന്ന് കോമ്പൗണ്ട് വാൾ നിർമിക്കുമ്പോൾ ബാധകമായ നിയമങ്ങൾക്കു അനുസൃതമാണ് എന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ നിർമാണ അനുമതി നൽകാവൂ.

I/68298/2022

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**37/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

RAJESH T N
TOWN PLANNER

Signed by
Rajesh T N
Date: 02-09-2022 15:23:05

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്:

സെക്രട്ടറി

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്,

പകർപ്പ്:

1) അപേക്ഷകൻ, (അറിവിലേയ്ക്കായി)
Smt Shamna S
Aji Manzil, Cheruvallimukku
Attingal P.O.Thiruvananthapuram 6951010
2) കരുതൽ ഫയൽ
3) ഫയൽ.